## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1358** — 13.12.2012-ൽ മറുപടിയ്ക്ക്

### തലസ്ഥാനത്തെ മോണോ റെയിൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.മുരളീധരൻ**<br>**,, എം.എ.വാഹിദ്**<br>**,, എ.റ്റി.ജോർജ്**<br>**,, ആർ.സെൽവരാജ്** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) തലസ്ഥാനത്ത് മോണോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ; | (എ) തിരുവനന്തപുരത്ത് മോണോ റെയിൽ നടപ്പിലാക്കുന്നതിനുള്ള സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കുവാൻ നാട്പാകിനെ ചുമതലപ്പെടുത്തുകയും, നാട്പാക് പ്രസ്തുത റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. പദ്ധതി പ്രായോഗികമാണെന്ന് മനസ്സിലാക്കിയ ശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഡി.എം.ആർ.സി യെ ചുമതലപ്പെടുത്തി. ഡി.എം.ആർ.സി പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ചുമതല ആർക്കാണ് നൽകിയിരിക്കുന്നത് ; | (ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കേരളാ മോണോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതിയുടെ സാധ്യതാ പഠനം പൂർത്തിയാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (സി) നാട്പാക് (NATPAC) പ്രസ്തുത പദ്ധതിയുടെ സാധ്യതാപഠനം പൂർത്തിയാക്കിയിട്ടുണ്ട്. രണ്ട് ഘട്ടങ്ങളിലായി ഏകദേശം 5100 കോടി രൂപ മതിപ്പ് ചെലവിൽ 42 കി.മീ ദൈർഘ്യത്തിലുള്ള മോണോ റെയിൽ സ്ഥാപിക്കാമെന്നാണ് നാട്പാക്കിന്റെ പഠന റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്. |
| (ഡി) പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ? | (ഡി) പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഡി.എം.ആർ.സി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ